ഏ.സി.എച്ച്/2018

26.10.2018.

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2018

**ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് സർവകലാശാല സെനറ്റ് ഹാളിൽ നടത്തുന്നു. എം.എസ്.സി / എം. കോം. ഒക്ടോബർ 30–ന്, എം.എ. ഒക്ടോബർ 31–ന്**

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. എം.എസ്.സി / എം. കോം. കോഴ്സുകൾക്ക് ഒക്ടോബർ 30–നും എം.എ. കോഴ്സുകൾക്ക് ഒക്ടോബർ 31–നുമാണ് സ്പോട്ട് അലോട്ട്മെന്റ്. പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കേരള സർവകലാശാല സെനറ്റ് ഹാളിൽ ഹാജരാകേണ്ടതാണ്. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അഭാവത്തിൽ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ പ്രവേശന ഫീസ് അടക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ

അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

നിലവിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റ് സമയത്ത് വിവിധ കോളേജുകളിൽ ഉയരുന്ന പുതിയ ഒഴിവുകളും റാങ്ക് പട്ടിക പ്രകാരം നികത്തുന്നതാണ്.

Sd/-
**രജിസ്ട്രാർ (i/c)**

**(പ്രത്യേക കുറിപ്പ് :** എല്ലാ എഡിഷനുകളിലും ഒക്ടോബർ 27, 28, 29 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)